# അക്കാദമിക മാസ്റ്റർപ്ലാൻ

## LFLPS Vayalar

## 2025-2026

# അക്കാദമിക പ്രവർത്തന ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളും തെറ്റില്ലാത്ത ഭാഷയിൽ ചെറുവാക്യങ്ങൾ എഴുതാൻ കഴിവ് നേടുന്നു.
- എല്ലാ കുട്ടികളും ചെറുവാക്യങ്ങൾ വായിക്കാൻ ഇംഗ്ലീഷിലും മലയാളത്തിലും പ്രാപ്തരാകുന്നു.
- രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന രീതികൾ വികസിക്കുന്നു.
- ആകർഷകവും സവിശേഷവുമായ നോട്ട്ബുക്ക് എല്ലാവർക്കും ഉറപ്പാക്കുന്നു.
- സംഖ്യാവബോധം എല്ലാവരിലും സൃഷ്ടിക്കുക.
- ശാസ്ത്രാവബോധം, ദേശസ്നേഹം എന്നിവ വളർത്തുക
- മലയാള ഭാഷയുടെ സൗന്ദര്യം മനസിലാക്കുക
-

# ആമുഖം

ലിറ്റിൽ ഫ്ളവർ, എൽ. പി. സ്കൂൾ വയലാറിലെ 2025 - 26 അധ്യയന വർഷത്തിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഉയർന്ന പഠന നിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്.

പൊതു വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാകുന്നതിനു വേണ്ടിയാണ്.

# ഈ വർഷം നടത്തേണ്ട പ്രവർത്തനങ്ങൾ

- പഠന തിൽ പ്രയാസനകൾ
- ക്ലാസ് P T A
- കുട്ടികളുടെ പ്രകടനങ്ങളും പഠനമികവുകളും ഡോക്യുമെന്റ് ചെയ്യൽ.
- ഓരോ കുട്ടിയുടെയും പഠനപുരോഗതി വിലയിരുത്തൽ, തുടർ പ്രവർത്തനാസൂത്രണം.
- വായനോത്സവം, രചനോത്സവം
- കായിക ദിനം
- അധ്യാപകരെ ആദരിക്കൽ
- അടിവുവം

# വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം

• ഭാഷാശേഷി വികസനം

കുട്ടികളിൽ ഭാഷാശേഷികൾ ആയ വായന, ലേഖനം, ഭാഷണം തുടങ്ങിയ എല്ലാ തലങ്ങളിലും വികസനം

• ശാസ്ത്രാവബോധം

ദിനാചരണങ്ങളിലൂടെയും സ്കൂൾ പ്രവർത്തനങ്ങളിലൂടെയും ശാസ്ത്രാവബോധം ഉള്ള തലമുറയെ വാർത്തെടുക്കുന്നു.

• സാമൂഹിക അംഗീകാരം

വിദ്യാലയ പ്രവർത്തനങ്ങളിൽ മാതാപിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നു. മികച്ച പഠനപ്രവർത്തനങ്ങളും അക്കാദമിക വിജയവും സ്കൂളിന് സാമൂഹിക അംഗീകാരം നേടിത്തരുന്നു.

• ഗണിതാവബോധം

സംഖ്യയുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ നൽകുന്നു. ഗണിത ക്ലാസുകൾ ആകർഷകമാക്കുന്നു. സംഖ്യകളും അടിസ്ഥാന ഗണിതക്രിയകളും കുട്ടികളിൽ ഉറപ്പാക്കാൻ ശ്രമിക്കുന്നു. അതുവഴി ഗണിതാവബോധമുള്ള കുട്ടികളെ വാർത്തെടുക്കുന്നു.

• കലാകായിക പ്രവർത്തനങ്ങൾ നല്ല ആസൂത്രണത്തോടെ നടപ്പിലാക്കുന്നു. അതുവഴി സർഗാത്മകത വികസിക്കുന്നു.

## ജൂൺ

• പ്രവേശനോത്സവം

ഉദ്ഘാടനം, കുട്ടികളെ സ്വീകരിക്കൽ, പഠനോപകരണങ്ങൾ സമ്മാനിക്കൽ, കനിവ്, മഹാത്മാ എന്നീ സംഘടനകളിലെ അംഗങ്ങളെ ക്ഷണിക്കൽ

• പരിസ്ഥിതി ദിനാഘോഷം

ബ്ലോക്ക് പഞ്ചായത്ത് തല പരിസ്ഥിതി ദിനാഘോഷ ഉദ്ഘാടനം, പരിസ്ഥിതിദിന ക്വിസ്, പച്ചക്കറി തൈകൾ നടീൽ.

• സന്നദ്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ക്ലാസ്സുകൾ, ബോധന പ്രവർത്തനങ്ങൾ എന്നിവ കൃത്യതയോടെ സംഘടിപ്പിക്കൽ

• വായനാദിനം – പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ

ജൂൺ to ആഗസ്റ്റ്

വായനാദിനവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ

1, 2 ക്ലാസ്സുകളിലെ അക്ഷരങ്ങൾ ഉറച്ച്, അവ തിരിച്ചറിഞ്ഞ് വായിക്കാൻ, കുട്ടികളെ പ്രാപ്തരാക്കൽ.

3, 4 ക്ലാസ്സുകളിലെ കുട്ടികളിൽ വായന പരിപോഷിപ്പിക്കൽ, കൂട്ടിവായിക്കാൻ പ്രോത്സാഹനം നൽകൽ, വായനാമത്സരങ്ങൾ സംഘടിപ്പിക്കൽ.

ജൂൺ :- PTA പൊതുയോഗം വിളിച്ചുചേർക്കൽ, PTA പ്രസിഡന്റ്, എക്സിക്യൂട്ടീവ് മെമ്പേഴ്സ് എന്നിവരെ തിരഞ്ഞെടുക്കൽ.

ജൂൺ 21 മുതൽ ആഗസ്റ്റ് 15 വരെ

യോഗാ പരിശീലനവും, പരേഡിന് വേണ്ടിയുള്ള എക്സർസൈസ് പരിശീലനവും കൃത്യമായി നടത്തുക.

ജൂൺ 26

ലോക ലഹരി വിരുദ്ധ ദിനവുമായി ബന്ധപ്പെട്ട് പോസ്റ്റർ നിർമ്മാണ മത്സരം, ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

## ജൂലൈ

- ഇംഗ്ലീഷ് ഭാഷ വികസനത്തിന് കുട്ടികൾക്ക് അവസരം ഒരുക്കുന്നു. - English speaking - coaching ആഴ്ചയിൽ രണ്ടു ദിവസം വീതം ഓരോ ക്ലാസ്സിനും പ്രത്യേക പരിശീലനം നൽകുന്നു. ഭാഷാ വിദഗ്ധരെ പുറത്തുനിന്ന് കണ്ടെത്തുന്നു.
- ഇംഗ്ലീഷ് ഭാഷാ ഉപയോഗിക്കുമ്പോൾ പ്രോത്സാഹനം നൽകുന്നു.
- വിവിധ ക്ലബ്ബുകളുടെ രൂപീകരണം
- വർക്ക് എക്സ്പീരിയൻസ്, മത്സരത്തിനു ഉള്ള ഒരുക്കങ്ങൾ

പാഠ പുസ്തകത്തിന് പുറത്തേക്ക് കുട്ടികളെ നയിക്കുന്ന പ്രവർത്തനങ്ങൾ ഓരോ ക്ലാസിലും ആസൂത്രണം ചെയ്യുന്നു. കുട്ടികളുടെ കലാകായിക മത്സരങ്ങളുടെ പരിശീലനം - വിഷയവിദഗ്ധരെ പുറത്തുനിന്നും കണ്ടെത്താം.

- എല്ലാ കുട്ടികൾക്കും നിർദ്ദിഷ്ട പഠനനേട്ടങ്ങൾ ഉറപ്പുവരുത്തുന്നതിന് unit Test, monthly test, class PTA എന്നിവ സംഘടിപ്പിക്കുന്നു

## ആഗസ്റ്റ്

- ദിനാചരണങ്ങൾ സംഘടിപ്പിക്കൽ
- ദേശഭക്തിഗാന മത്സരം ക്ലാസ്സ് തലത്തിൽ സംഘടിപ്പിക്കൽ – സർഗവേള പ്രയോജനപ്പെടുത്തൽ
- ഇന്ത്യൻ സ്വാതന്ത്ര്യദിനം – കുട്ടികളുടെ മാർച്ച് പാസ്റ്റ്, എക്സർസൈസ്, സ്വാതന്ത്ര്യദിന ക്വിസ് മത്സരം, ദേശഭക്തിഗാന മത്സരം എന്നിവ സംഘടിപ്പിക്കൽ
- കുട്ടികളിൽ കാർഷികാവബോധം സൃഷ്ടിക്കാനും മണ്ണിനെ സ്നേഹിക്കാൻ പഠിപ്പിക്കാനുമായി കാർഷിക ഉൽപന്ന പ്രദർശനം സംഘടിപ്പിക്കുന്നു. മുതിർന്ന കർഷകരെ ക്ഷണിക്കുന്നു, അനുഭവം പങ്കുവയ്ക്കൽ
- കുട്ടികർഷകൻ – തിരഞ്ഞെടുപ്പ്
- കൃഷി അനുഭവ കുറിപ്പ് [3,4, ക്ലാസിന്]
- കായികദിനാചരണം സംഘടിപ്പിക്കൽ
  വിവിധ പരിശീലകരെ ഉൾപ്പെടുത്തി കായിക പരിശീലനം.

## സെപ്റ്റംബർ

- ദേശീയ അധ്യാപക ദിനാചരണം
- മുതിർന്ന അധ്യാപകരെ ആദരിക്കൽ
  വിരമിച്ച അധ്യാപകരെ ആദരിക്കുന്നു.
  അനുഭവം പങ്കുവയ്ക്കൽ,
- ഡോ. എസ്. രാധാകൃഷ്ണനെ പരിചയപ്പെടുത്ത

• ഓസോൺ ദിനാചരണം
പ്രകൃതി സംരക്ഷണം എന്ന വിഷയം-
വ്യക്തത - ചർച്ച - സ്കൂൾ ലെവലിൽ
3, 4, ക്ലാസ്സിന് പ്രസംഗ മത്സരം.

• ലോക ഹൃദയ ദിനം - ദിനാചരണം [29]
ഹൃദയത്തിന്റെ ആരോഗ്യം - ഭക്ഷണക്രമം, വ്യായാമം എന്നിവയുടെ പ്രാധാന്യം സ്കൂൾ അസംബ്ലിയിൽ പ്രസംഗരൂപേണ അവതരണം.

• ലഘുതര വ്യായാമ മുറയായ സൂമ്പാ ഡാൻസ്, എയ്റോബിക്ക് എക്സർസൈസ് പരിശീലനം.

## ഒക്ടോബർ

• October 15 - ലോക വിദ്യാർത്ഥി ദിനം
[Dr. APJ അബ്ദുൾ കലാം - ജന്മദിനം]
APJ അബ്ദുൾ കലാം - പരിചയപ്പെടുത്തൽ

• ഒക്ടോബർ മാസത്തിലെ മറ്റ് പ്രധാന ദിനാചരണങ്ങൾ സംഘടിപ്പിക്കൽ

• വായ്ത്താരികൾ / നാടൻ പാട്ടുകൾ / പഴഞ്ചൊല്ലുകൾ പരിചയപ്പെടുത്തൽ - സർഗവേള

• ചിത്രരചനാ മത്സരം, മികച്ച കൈയ്യക്ഷരം കണ്ടെത്തുന്നതിനായി മത്സരങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ.

• ഭക്ഷ്യമേളകൾ സംഘടിപ്പിക്കുന്നു.

- രുചിയിടം – പഴയകാല പലഹാരങ്ങളെ കുട്ടികൾക്ക് പരിചയപ്പെടുത്താൻ ഭക്ഷ്യമേള സംഘടിപ്പിക്കൽ.
- എൽ.കെ.ജി, യു.കെ.ജി, ഒന്നാം ക്ലാസ്സ് കുട്ടികൾക്കായി 'പുഞ്ചിരി' മത്സരം.

## നവംബർ

'കേരളപിറവി' ദിനത്തോടനുബന്ധിച്ച് ക്വിസ് മത്സരം, കേരള വസ്ത്രം ധരിച്ച് റാലികൾ സംഘടിപ്പിക്കുന്നു. സ്കൂൾ തലത്തിൽ 'കേരള പതിപ്പ്' തയ്യാറാക്കൽ. കുട്ടികളുടെ സർഗ്ഗശേഷികളെ പരിപോഷിപ്പിക്കാൻ കഥ, കവിതാ രചനാമത്സരങ്ങൾ ക്ലാസ്സ് തലത്തിൽ സംഘടിപ്പിക്കൽ.

നവംബർ 14 ശിശുദിനാഘോഷം സംഘടിപ്പിക്കൽ. ശിശുദിന റാലി, ആകർഷകമാക്കാൻ കുട്ടികളെ ചാച്ചാജിയായും, ഭാരതാംബയായും ഒരുക്കുന്നു. കുട്ടികൾക്ക് മധുരം വിതരണം ചെയ്യുന്നു.

എല്ലാ കുട്ടികളും നിർദ്ദിഷ്ട പഠനനേട്ടങ്ങൾ കൈവരിച്ചോയെന്ന് വിലയിരുത്തുന്നതിനായി unit Test, monthly Test, class PTA എന്നിവ സംഘടിപ്പിക്കുന്നു.

ക്ലാസ്സ് തലത്തിൽ മികച്ചതായി ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കുന്ന കുട്ടിയെ കണ്ടെത്തൽ, പ്രോത്സാഹനം.

## ഡിസംബർ

- ദിനാചരണങ്ങൾ സംഘടിപ്പിക്കൽ
- ദേശീയ ഗണിത ദിനം - December 22

സംഖ്യകളെ അറിയാം. — സംഖ്യാബന്ധങ്ങൾ, സംഖ്യാവ്യാഖ്യാനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു.

- പരിസര പഠനവുമായി ബന്ധപ്പെട്ട് ചെറു പ്രോജക്ടുകൾ നൽകുന്നു.
- എല്ലാ ദിവസവും 15 മിനിറ്റ് മലയാളം, ഇംഗ്ലീഷ് വായനയ്ക്കായി നീക്കിവയ്ക്കുന്നു [1.15pm to 1.30pm]
- കുട്ടികൾക്ക് വായനയിൽ കൂടുതൽ പരിശീലനം നൽകുന്നു.

ഡിസംബർ — മാർച്ച്

അടിസ്ഥാന ഗണിതശേഷിയ പരിജ്ഞാനം 2, 3, 4 ക്ലാസിലെ കുട്ടികൾക്ക് മികച്ച രീതിയിൽ ഉണ്ടെന്ന് ഉറപ്പാക്കാൻ പ്രത്യേക പരിശീലനം നൽകൽ.

## ജനുവരി

- റിപ്പബ്ലിക് ദിനാഘോഷം

റിപ്പബ്ലിക് ദിന പരേഡ്, മാർച്ച് പാസ്റ്റ് എന്നിവ സംഘടിപ്പിക്കൽ

Sports day സംഘടിപ്പിക്കൽ,

അത്ലറ്റിക്സ് പരിശീലനം

- രക്തസാക്ഷി ദിന അനുസ്മരണം
- സ്കൂൾ ടൂർ
- രചനാമത്സരങ്ങൾ സംഘടിപ്പിച്ച് വിജയികളെ കണ്ടെത്തൽ
- സ്കൂൾ ആനിവേഴ്സറി സംഘടിപ്പിക്കൽ
- കുട്ടികളുടെ പഠന പ്രവർത്തനം വിലയിരുത്തൽ
- സ്കീം ഓഫ് വർക്ക് താരതമ്യം ചെയ്യൽ - വിലയിരുത്തൽ

## ഫെബ്രുവരി

- ദിനാചരണങ്ങൾ - മാതൃഭാഷാദിനം, ദേശീയ ശാസ്ത്ര ദിനം.
- മാതൃഭാഷാദിന പ്രസംഗ മത്സരം, കഥാ-കവിതാ രചനാ മത്സരം
- കുട്ടി ശാസ്ത്രജ്ഞരെ കണ്ടെത്തൽ - ശാസ്ത്ര ദിനത്തോടനുബന്ധിച്ച് കുട്ടികൾക്ക് ചെറിയ പരീക്ഷണങ്ങൾ കാണാൻ അവസരം നൽകുന്നു.
- ശാസ്ത്രജ്ഞരെയും കണ്ടുപിടുത്തങ്ങളെയും തിരിച്ചറിയാൻ ഉതകും വിധം അസംബ്ലിയിൽ ശാസ്ത്ര അറിവുകൾ പങ്കുവെക്കുന്നു.
- ദിനാചരണത്തിന്റെ ഭാഗമായി O.N.Vയെയും അദ്ദേഹത്തിന്റെ കവിതകളെയും പരിചയപ്പെടുത്തൽ

• കുട്ടികളുടെ പഠനപ്രവർത്തനങ്ങൾ വിലയിരുത്തുന്നു. റിവിഷൻ നടത്തി പാഠ്യവസ്തുക്കൾ ഉറപ്പിക്കുന്നു.

## മാർച്ച്

• അക്കാദമിക പ്രവർത്തനങ്ങളുടെ വിലയിരുത്തൽ, കുട്ടികളുടെ സർഗശേഷികളുടെയും, ഭാഷാ ഉപയോഗത്തിന്റെയും വിലയിരുത്തൽ.

• ദിനാചരണങ്ങൾ സംഘടിപ്പിക്കൽ

• വന-ജല-കാലാവസ്ഥ ദിനാചരണങ്ങളുടെ ഭാഗമായി ജല സംരക്ഷണ Placard രചനാമത്സരം, മികച്ച Poster ന് സമ്മാനം.

• ക്വിസ് മത്സരം സംഘടിപ്പിക്കൽ

• പരീക്ഷ നടത്തിപ്പ്, വിലയിരുത്തൽ

ക്ലാസ്സ് PTA

• ഒരു വർഷം നടത്തിയ അക്കാദമിക പ്രവർത്തനങ്ങൾ വിലയിരുത്തൽ.

• തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ - ഗണിതശേഷി വികസനം
ഇംഗ്ലീഷ് ലാംഗ്വേജ് വികസനം
മലയാളം [വായന, എഴുത്ത്]